

ആദി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് മണ്ണിൽ നിന്നാണ്, പിന്നീട് നിങ്ങളടക്കമുള്ള പിൻ തലമുറകളെല്ലാം ഉരുവം കൊണ്ടതും മണ്ണിന്റെ സത്തിൽ നിന്നാണ്. ഒടുവിൽ ആ മണ്ണിൽ തന്നെ നിങ്ങളെല്ലാം ലയിച്ചു ചേരുന്നു. തീരെ ഇല്ലാതിരുന്ന അവസ്ഥയിൽ മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടവൻ പിറന്ന മണ്ണിൽ ലയിച്ചശേഷം പുനഃസൃഷ്ടിക്കപ്പെടുക അസംഭവ്യമാണെന്ന് പറയുന്നതിലെന്തു ന്യായം, എന്തു യുക്തി?

## ഖുർആൻ ബോധനം

▸ എ.വൈ.ആർ

സൂറ-23

# അൽ മുഅ്മിനൂൻ

15. പിന്നീട് ഈ ജീവിത ദശകളെല്ലാം പിന്നിട്ട ശേഷം തീർച്ചയായും നിങ്ങൾ മരിക്കേണ്ടതുണ്ട്.

ثُمَّ إِنَّكُم بَعْدَ ذَٰلِكَ لَمَيِّتُونَ ﴿١٥﴾

16. ഒടുവിൽ അന്ത്യനാളിൽ ഉറപ്പായും നിങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതാകുന്നു.

ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ تُبْعَثُونَ ﴿١٦﴾

**15-16**

ثُمَّ إِنَّكُمْ = പിന്നീട് തീർച്ചയായും നിങ്ങൾ ; بَعْدَ ذَٰلِكَ = അതിന് (ഈ ജീവിത ദശകളെല്ലാം പിന്നിട്ട) ശേഷം

لَمَيِّتُونَ = മൃതരാകുന്നു (മരിക്കേണ്ടതുണ്ട്) ; ثُمَّ إِنَّكُمْ = പിന്നെ (ഒടുവിൽ) തീർച്ചയായും നിങ്ങൾ

يَوْمَ الْقِيَامَةِ = (ലോകാവസാനം) നിലവിൽ വരുന്ന (അന്ത്യ)നാളിൽ

تُبْعَثُونَ = നിങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതാകുന്നു

മുകളിൽ പറഞ്ഞ, മനുഷ്യന്റെ പരിണാമ ദശകൾ മൺസത്തിൽ നിന്ന് ശുക്ലം, ശുക്ലത്തിൽ നിന്ന് അണ്ഡവുമായി ചേർന്നുള്ള സിക്ത കോശം, സിക്ത കോശത്തിൽ നിന്ന് ചർവണ മാംസം, ചർവണ മാംസത്തിൽ നിന്ന് അസ്ഥികൾ, അസ്ഥികൾ പേശികളാൽ പൊതിയൽ, അത് മനുഷ്യ ഭ്രൂണമായി രൂപപ്പെടൽ, പിന്നെ മനുഷ്യനായി ജനിക്കൽ, ജീവിത ഘട്ടങ്ങൾ പിന്നിടൽ ഇതെല്ലാം ഉറപ്പായ കാര്യമാണല്ലോ. അതുപോലെ, അല്ല അതിലധികം ഉറപ്പുള്ള കാര്യമാണ് ഈ പ്രക്രിയകൾക്കെല്ലാം ശേഷം ഒരുനാൾ നിങ്ങൾ മരിച്ചു പോകുന്നുവെന്നത്. ആരൊക്കെ ജനിക്കുമെന്ന് ജനിക്കുന്നതിന് മുമ്പ് ആരും അറിയുന്നില്ല. എന്നാൽ ജനിച്ചവരെല്ലാം മരിക്കുമെന്ന് അറിയാത്തവരുമാരുമില്ല. ഈ ഉറപ്പിനെയും അസന്ദിഗ്ധതയെയും ദ്യോതിപ്പിക്കുന്നതിനാണ് വാക്യത്തിൽ انَّ، لَ എന്നീ രണ്ട് ഊന്നൽ-توكيد-ശബ്ദങ്ങൾ ചേർത്തിരിക്കുന്നത്. നിങ്ങൾക്ക് ഇന്ദ്രിയഗോചരമാകുന്നില്ലെങ്കിലും, ജനിച്ചവരെല്ലാം മരിച്ചുപോകും എന്നപോലെ തന്നെ ഉറപ്പായ കാര്യമാകുന്നു മരിച്ചവരെല്ലാം അന്ത്യനാളിൽ ഉയിർത്തെഴുന്നേൽക്കും എന്ന കാര്യവും. നിൽക്കലും നിലവിൽ വരലും നിലകൊള്ളലുമാണ് قيام. ഒരു കാര്യം ഒരിക്കൽ നിലവിൽ വരലാണ് قيامة. മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പിന്റെ, അല്ലെങ്കിൽ ലോകാവസാനം സംഭവിക്കുന്നതിന്റെ സമയം എന്ന അർഥത്തിലാണ് ഖുർആൻ يوم القيامة എന്ന വാക്ക് ഉപയോഗിക്കുന്നത്. ഇവിടെ تبعثون നിങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടും എന്ന് പറഞ്ഞിട്ടുള്ളതിനാൽ يوم القيامة ന്റെ വിവക്ഷ ലോകാവസാനം നിലവിൽ വരുന്ന നാൾ- يوم تقوم السّاعة -ആണെന്ന് വ്യക്തമാകുന്നു.

നാസ്തികർ മാത്രമല്ല ദൈവത്തിൽ വിശ്വസിക്കുന്ന ചില മതവിഭാഗങ്ങളും ഉയിർത്തെഴുന്നേൽപ്പിനെയും പരലോക വിചാരണയെയും നിഷേധിക്കുന്നവരാണ്. അറേബ്യൻ വിഗ്രഹാരാധകരും അക്കൂട്ടത്തിലായിരുന്നു. ഉയിർത്തെഴുന്നേൽപ്പിനെ നിഷേധിക്കുന്നവർ വാദിക്കുന്നു: മരിച്ച മനുഷ്യൻ,

എല്ലും പല്ലുമടക്കം സമൂലം മണ്ണായിത്തീരുന്നതാണ് നാം കാണുന്നത്. ഈ മണ്ണിൽ നിന്ന് അവനെ പുനഃ സൃഷ്ടിക്കുക അസാധ്യമാണ്. ഖുർആൻ വിവിധ ശൈലികളിലായി അവർക്ക് നൽകിയ മറുപടിയുടെ ചുരുക്കമിതാണ്: ആദി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് മണ്ണിൽ നിന്നാണ്, പിന്നീട് നിങ്ങളടക്കമുള്ള പിൻ തലമുറകളെല്ലാം ഉരുവം കൊണ്ടതും മണ്ണിന്റെ സത്തിൽ നിന്നാണ്. ഒടുവിൽ ആ മണ്ണിൽ തന്നെ നിങ്ങളെല്ലാം ലയിച്ചു ചേരുന്നു. തീരെ ഇല്ലാതിരുന്ന അവസ്ഥയിൽ മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടവൻ പിറന്ന മണ്ണിൽ ലയിച്ചശേഷം പുനഃസൃഷ്ടിക്കപ്പെടുക അസംഭവ്യമാണെന്ന് പറയുന്നതിലെന്തു ന്യായം, എന്തു യുക്തി?

മനുഷ്യന് അവൻ ഭൗതിക ലോകത്ത് ചെയ്ത കർമങ്ങൾക്ക് സമ്പൂർണമായ ഫലം ലഭിക്കുകയാണ് ഉയിർത്തെഴുന്നേൽപ്പിന്റെയും വിചാരണയുടെയും ലക്ഷ്യം. ഭൗതിക ജീവിതത്തിൽ അതിന്റെ പ്രകൃതി അനുവദിക്കുന്ന കർമഫലമേ ലഭിക്കുകയുള്ളൂ. ചിലപ്പോൾ ദുഷ്ടന്മാർ സൗഭാഗ്യത്തിലാറാടുന്നു, വിശിഷ്ട ജനം കഷ്ടപ്പെടുന്നു. മഹത്തായ സേവനങ്ങളർപ്പിച്ചവർ അതിന്റെ ഒരു ഗുണവും അനുഭവിക്കാതെയും, മഹാപാതകങ്ങൾ ചെയ്തവർ ശിക്ഷയനുഭവിക്കാതെയും മരിച്ചു പോകുന്നു. ചിലരുടെ സൽകർമങ്ങളുടെയും ദുഷ്കർമങ്ങളുടെയും സ്വാധീനം ഈ ലോകത്ത് നൂറ്റാണ്ടുകളോളം നിലനിൽക്കുന്നു. അതൊന്നും അതിനുത്തരവാദികളായവർ അറിയുന്നേയില്ല. ഇത്തരം പരിമിതികൾക്കെല്ലാം അതീതമായ സമ്പൂർണ നീതി എല്ലാവർക്കും ലഭ്യമാക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. അതിനുവേണ്ടിയാണ് ഉയിർത്തെഴുന്നേൽപ്പ്. لِتُجْزَىٰ كُلُّ نَفْسٍ بِمَا تَسْعَىٰ -ഓരോ ആത്മാവിനും അതു പ്രയത്നിച്ചതിന്റെ സമ്പൂർണമായ പ്രതിഫലം ലഭിക്കാൻ (20:15), وَلِتُجْزَىٰ كُلُّ نَفْسٍ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ -ആരും അനീതിക്കിരയാകാതെ ഓരോ ആത്മാവിനും അതാർജ്ജിച്ചതിന്റെ പ്രതിഫലം ലഭിക്കാനും (45:22). മനുഷ്യന്റെ പ്രയത്നങ്ങളുടെ സ്വാധീനം അവന്റെ മരണശേഷവും നിലനിൽക്കുന്നതിനാൽ മുഴുവൻ മനുഷ്യവംശവും അവസാനിച്ച ശേഷമേ ഓരോ വ്യക്തിയുടെയും അർഹിക്കുന്ന സമ്പൂർണമായ കർമഫലം കണക്കാക്കപ്പെടുകയുള്ളൂ.

ചില ദൈവ നിഷേധികൾ പരിഹസിക്കാറുണ്ട്: 'ഈ ലോകത്തു വെച്ചുതന്നെ മനുഷ്യന് സമ്പൂർണ നീതി നൽകാൻ കഴിവില്ലാത്തവനായതു കൊണ്ടല്ലേ ദൈവം പരലോകം ഏർപ്പെടുത്തിയത്?' ദൈവം ഭൗതിക പ്രപഞ്ചത്തിന് അതിന്റേതായ പ്രകൃതി നിശ്ചയിച്ചിട്ടുണ്ട്. ഓരോ സൃഷ്ടിയുടെയും വാഴ്വ് ആ പ്രകൃതിക്കനുസൃതമാണ്. മനുഷ്യനു വേണ്ടി നിശ്ചയിച്ച സംവിധാനത്തിന്റെ ഭാഗമാണ് ഉയിർത്തെഴുന്നേൽപ്പും പാരത്രികമായ രക്ഷാ ശിക്ഷകളും. ഭൗതികവും അതിഭൗതികവുമായതെല്ലാം അറിയുന്ന ദൈവത്തിന്റെ അപരിമേയമായ ജ്ഞാനത്തിന്റെയും യുക്തി ദീക്ഷയുടെ താൽപര്യമാണ് സൃഷ്ടികൾക്ക് അവൻ നിശ്ചയിച്ചിട്ടുള്ള പ്രകൃതി. കേവലമായ ഇന്ദ്രിയ ജ്ഞാനത്തിന്റെ കൂപത്തിലിരുന്ന് ന്യായവിചാരം നടത്തുന്നവർക്ക് സർവജ്ഞനും സർവ ശക്തനുമായ ദൈവത്തിന്റെ നടപടികളെ വിധിക്കാനാവില്ല. ദൈവം ഉണ്ടെങ്കിൽ അവൻ തങ്ങളുടെ ഇന്ദ്രിയ പരിധിക്കും അൽപജ്ഞാനത്തിനും വിധേയനായിരിക്കണമെന്ന് ശഠിക്കുന്നത് ദൈവത്തെ മനസ്സിലാക്കേണ്ടവണ്ണം മനസ്സിലാക്കാത്തതു കൊണ്ട് മാത്രമാണ്. ■

---

وَلَقَدْ خَلَقْنَا فَوْقَكُمْ سَبْعَ طَرَائِقَ وَمَا كُنَّا عَنِ الْخَلْقِ غَافِلِينَ ﴿١٧﴾

**17.** നിങ്ങൾക്കു മീതെ നാം സപ്തവാനങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. സൃഷ്ടിയെക്കുറിച്ച് നാം അശ്രദ്ധനായിട്ടുമില്ല.

**17**

وَلَقَدْ خَلَقْنَا = നാം സൃഷ്ടിച്ചിരിക്കുന്നു    فَوْقَكُمْ = നിങ്ങൾക്കു മീതെ

سَبْعَ طَرَائِقَ = ഏഴു വഴികൾ, തട്ടുകൾ, (സപ്ത വാനങ്ങൾ)    وَمَا كُنَّا = നാം ആയിട്ടുമില്ല

عَنِ الْخَلْقِ = സൃഷ്ടി(കളെ)ക്കുറിച്ച്    غَافِلِينَ = അശ്രദ്ധർ, അജ്ഞർ

മനുഷ്യന്റെ ജനന മരണങ്ങൾ ഉൾക്കൊള്ളുന്ന ദൃഷ്ടാന്തങ്ങൾ തൊട്ടു കാണിച്ച ശേഷം അവൻ ജീവിക്കുന്ന പ്രപഞ്ചം ഉൾക്കൊള്ളുന്ന മുഖ്യ ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. طريقة ന്റെ ബഹുവചനമാണ് طرائق. മാർഗം എന്നും തട്ട് എന്നും طريقة ന് അർഥമുണ്ട്. ഇവിടെ അനുക്തമായ ഒരു വിശേഷ്യത്തിന്റെ വിശേഷണമായിട്ടാണ് سبع طرائق വന്നിരിക്കുന്നത്. فوقكم എന്ന വാക്കിൽ നിന്ന് വിശേഷ്യം ആകാശമാണെന്ന് വ്യക്തമാകുന്നു. ആകാശത്തെ ഏഴ് طرائق ആയി എന്ന് വിശേഷിപ്പിക്കുമ്പോൾ, നേരത്തെ പലയിടത്തും പറഞ്ഞിട്ടുള്ള ഏഴ് ആകാശം السبع سماوات ആണുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കാം. സൂറഃ *അൽ മുൽക്ക്* 3-ാം സൂക്തത്തിൽ خَلَقَ سَبْعَ سَمَاوَاتٍ طِبَاقًا 'തട്ടുകളായി ഏഴ് ആകാശം സൃഷ്ടിച്ചു' എന്ന് പ്രസ്താവിച്ചിട്ടുമുണ്ട്. ചില വ്യാഖ്യാതാക്കൾ سبع طرائق ന് സപ്തപഥങ്ങൾ എന്ന് അർഥം കൽപ്പിക്കുകയും സപ്തഗ്രഹങ്ങളുടെ സഞ്ചാര പഥമാണ് ഇതുകൊണ്ടുദ്ദേശ്യമെന്ന് വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. അക്കാലത്തെ ജനങ്ങൾക്ക് ഏഴു ഗ്രഹങ്ങളുടെ സഞ്ചാരത്തെക്കുറിച്ചേ അറിവുണ്ടായിരുന്നുള്ളൂ. അത്കൊണ്ടാണ്

വാനലോകത്ത് എണ്ണമറ്റ ഗ്രഹോപഗ്രഹങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കേ ഏഴു സഞ്ചാരപഥങ്ങളെ മാത്രം പരാമർശിച്ചതെന്നും അവർ അഭിപ്രായപ്പെടുന്നു. ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ യുക്തമായി തോന്നുന്നത്.

كَانَ യുടെ ഉത്തമ പുരുഷ ബഹുവചനമാണ് كُنَّا. ഇത്തരം സന്ദർഭങ്ങളിൽ, كَانَ വരുന്നത് സ്വഭാവത്തിന്റെയും ഗുണത്തിന്റെയും സുസ്ഥിരതയെ സൂചിപ്പിക്കാനാണ് كان الله عليما حكيما -അല്ലാഹു സർവജ്ഞനും യുക്തിമാനുമായിരിക്കുന്നു- എന്നൊക്കെ പറയുന്നതുപോലെ. ആകാശം സൃഷ്ടിക്കുമ്പോൾ നമുക്ക് അശ്രദ്ധയുണ്ടായിരുന്നില്ല എന്നല്ല; സൃഷ്ടിക്കുമ്പോൾ അല്ലെങ്കിൽ സൃഷ്ടികളെ സംബന്ധിച്ച് അശ്രദ്ധനായിരിക്കുക നമ്മുടെ പ്രകൃതിയല്ല എന്നാണ് താൽപര്യം. عن الخلق എന്ന വാക്കിന്റെ ആശയം 'സൃഷ്ടി കർമത്തെക്കുറിച്ച്' എന്നുമാവാം, 'സൃഷ്ടികളെക്കുറിച്ച്' എന്നുമാകാം. غفلة ന് അശ്രദ്ധ എന്നതോടൊപ്പം അജ്ഞത എന്നും അർഥമുണ്ട്. രണ്ടർഥവും ഇവിടെ ഉദ്ദേശ്യമാകാം. താൽപര്യമിതാണ്: പ്രപഞ്ചത്തിലെ ഓരോ വസ്തുവിനെയും അതിന്റെ സൃഷ്ടി ലക്ഷ്യം പൂർത്തീകരിക്കാൻ ഉതകുന്ന പ്രകൃതിയിലും ഘടനയിലും സൃഷ്ടിക്കാനുള്ള ജ്ഞാനവും ശ്രദ്ധയും തികഞ്ഞവനാണ് അല്ലാഹു എന്നതിന് നിങ്ങൾക്ക് മുകളിൽ തൂങ്ങിക്കിടക്കുന്ന ആകാശലോകത്തിന്റെ സൃഷ്ടി തന്നെ മതിയായ ദൃഷ്ടാന്തമാകുന്നു. عن الخلق നെ സൃഷ്ടികളെ സംബന്ധിച്ച് എന്ന അർഥത്തിൽ എടുക്കുമ്പോൾ ആശയം ഇപ്രകാരമായിരിക്കും. സൃഷ്ടികളെ അല്ലാഹു അശ്രദ്ധമായി സൃഷ്ടിച്ചുവിട്ടതല്ല. ഓരോ സൃഷ്ടിക്കും അതിന്റെ ധർമം നിശ്ചയിച്ചിട്ടുണ്ട്. അത് ആ ധർമം അനുഷ്ഠിക്കുന്നുണ്ടോ എന്ന് അല്ലാഹു ശ്രദ്ധയോടെ നോക്കിക്കൊണ്ടിരിക്കുകയാണ്. അവൻ നിശ്ചയിച്ചു കൊടുത്ത ധർമത്തിൽ നിന്നു വ്യതിചലിക്കുന്നവർ തീർച്ചയായും അവന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടിവരും.

ഈ സൂറഃയുടെ പ്രാരംഭ സൂക്തങ്ങളിൽ 'ഏഴ്' എന്ന സംഖ്യ ആവർത്തിക്കുന്നതിൽ എന്തോ രഹസ്യമുള്ളതായി ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. എന്നാൽ അതെന്താണെന്ന് വ്യക്തമാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ആദ്യം, യഥാർഥ സത്യവിശ്വാസികൾക്ക് ഉള്ളതായി പ്രസ്താവിച്ച ഗുണങ്ങൾ ഏഴെണ്ണമാണ്. തുടർന്ന് മനുഷ്യൻ ഭൂമിയിലെത്തുന്നതിന് മുമ്പ് പിന്നിടുന്ന ദശകൾ പറഞ്ഞതും ഏഴെണ്ണം. ഈ സൂക്തത്തിൽ ഏഴ് ആകാശത്തെ കുറിച്ചു പറയുന്നു. തുടർന്ന് പറയുന്ന മഴയും അതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളും എണ്ണിയാൽ അതും ഏഴായി കാണാം. ■

---

وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءًۢ بِقَدَرٍ فَأَسْكَنَّٰهُ فِى ٱلْأَرْضِ ۖ وَإِنَّا عَلَىٰ ذَهَابٍۭ بِهِۦ لَقَٰدِرُونَ ﴿١٨﴾

18. മാനത്തുനിന്ന് കൃത്യമായ കണക്കിൽ ജലമിറക്കി. എന്നിട്ടതു ഭൂമിയിൽ വസിപ്പിച്ചു. നിശ്ചയമായും അത് പോക്കിക്കളയാനും നമുക്ക് കഴിയും.

**18**

وَأَنزَلْنَا = നാം ഇറക്കി مِنَ ٱلسَّمَآءِ = മാനത്തു നിന്ന് مَآءً = ജലത്തെ بِقَدَرٍ = (കൃത്യമായ) കണക്കിൽ
فَأَسْكَنَّٰهُ = എന്നിട്ട് അതിനെ വസിപ്പിച്ചു فِى ٱلْأَرْضِ = ഭൂമിയിൽ وَإِنَّا = നിശ്ചയമായും നാം (നമുക്ക്)
عَلَىٰ ذَهَابٍۭ بِهِۦ = അതുകൊണ്ടുള്ള പോക്കിന്മേൽ (അതു പോക്കിക്കളയാനും) لَقَٰدِرُونَ = കഴിവുള്ളവൻ തന്നെയാകുന്നു

**അ**ല്ലാഹു മാനത്തു നിന്ന് കനിഞ്ഞരുളിയ ജലത്തിന്റെ ലഭ്യതയെ ആശ്രയിച്ചാണല്ലോ മനുഷ്യർ ഭൂമിയിൽ ജീവിക്കുന്നത്. ജലമില്ലെങ്കിൽ ഭൂമിയിൽ മനുഷ്യരുമില്ല മറ്റു ജീവജാലങ്ങളുമില്ല. ജല വിതരണത്തിൽ അല്ലാഹു ദീക്ഷിക്കുന്ന കനിവും കാരുണ്യവും ഒന്നാലോചിച്ചു നോക്കുക. ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും അവൻ ജലം എത്തിക്കുന്നു. ഭൂമിക്കാവശ്യമായ ജലം മുഴുവൻ ഏതെങ്കിലും ഒരു ഭാഗത്ത് സംഭരിച്ചിരിക്കുകയല്ല. അങ്ങനെയായിരുന്നുവെങ്കിൽ എല്ലാ പ്രദേശത്തുള്ളവർക്കും ആവശ്യാനുസരണം ജലം ലഭിക്കുക ദുഷ്കരമാകുമായിരുന്നു. ഓരോ പ്രദേശത്തിനും ആവശ്യമായ ജലം ആ പ്രദേശങ്ങളിൽ തന്നെ ഇറക്കിക്കൊടുക്കുകയാണ്. അതും ഒറ്റയടിക്ക് കോരിച്ചൊരിയുകയില്ല. വർഷാന്തം സുദീർഘമായ ഒരു സീസണിൽ തുള്ളി തുള്ളിയായി പെയ്തിറക്കുകയാണ്. മഴവെള്ളം അതാതിടങ്ങളിൽ ഒന്നിച്ചു പൊട്ടിവീഴുകയായിരുന്നുവെങ്കിൽ അത് മഹാനാശങ്ങൾക്കിടയാകുമെന്നു മാത്രമല്ല, ഒന്നായി ഒലിച്ചു പോയി കടലിൽ പതിക്കുകയും ചെയ്യും. ശേഖരിച്ചു വയ്ക്കാനോ ദീർഘ കാലത്തേക്ക് പ്രയോജനപ്പെടുത്താനോ കഴിയാതെയും വരുമായിരുന്നു. ഇടക്കിടക്കായി പെയ്യുന്ന മഴയുടെ മുഖ്യഭാഗം സാവകാശം മണ്ണിനടിയിലേക്കിറങ്ങുന്നു. അതു ഭൂഗർഭത്തിൽ സംഭരിക്കപ്പെടുന്നു. പലപല ഉറവകളായി മണ്ണിനടിയിലൂടെ ഒഴുകുന്നു. ഈ ഉറവകൾ മഴയില്ലാത്തപ്പോഴും, നദികളെയും തടാകങ്ങളെയും മനുഷ്യരുണ്ടാക്കുന്ന കിണറുകളെയും കുളങ്ങളെയും ജലനിർഭരമാക്കുന്നു. ഉപരിതലത്തിൽ വീഴുന്ന അധിക ജലം നദികളിലൂടെ സമുദ്രത്തിലെത്തിക്കുന്നു. ഉപരിതല ജലം പോലെ മണ്ണിനടിയിലേക്കിറങ്ങുന്ന ജലവും പെട്ടെന്ന് സമുദ്രത്തിലേക്കൊഴുകിപ്പോവുകയും മനുഷ്യന്ന് കുഴിച്ചെടുക്കാനാവാത്ത വണ്ണം ഭൂമിയുടെ അഗാധതകളിലേക്ക് താഴ്ന്ന് പോവുകയും

# ഖുർആൻ ബോധനം

ചെയ്യുകയായിരുന്നുവെങ്കിൽ കുടിനീർ വിതരണവും ജലസേചനത്തെ ആശ്രയിച്ചുള്ള കൃഷിയുമൊക്കെ അസാധ്യമാകുമായിരുന്നു. മഴവെള്ളം ഭൂമിയിൽ ശേഖരിച്ച് വെക്കുന്നത് പോലെ തന്നെ അത് മുഴുവൻ അഗാധതയിലേക്ക് താഴ്ത്താനോ കടലിലേക്ക് ഒഴുക്കിക്കളയാനോ അല്ലാഹുവിന് ഒരു പ്രയാസവുമില്ല. പക്ഷെ, ജീവജാലങ്ങൾക്ക് അനുഗ്രഹമായി അവർക്ക് ഏറ്റം പ്രയോജനപ്പെടുന്ന വിധത്തിലാണ് അവൻ ജലത്തിന്റെ ലഭ്യതയും സംരക്ഷണവും സംവിധാനിച്ചിരിക്കുന്നത്. വായു, വെള്ളം, അഗ്നി ഇവ മൂന്നും മനുഷ്യ ജീവിതത്തിന്റെ അനിവാര്യോപാധികളാണ്. അതുകൊണ്ട് ഈ മൂന്ന് വിഭവങ്ങളും ആർക്കും കുത്തകയാക്കി വെയ്ക്കാൻ പറ്റാത്ത വിധത്തിലാണ് ഭൂമിയിൽ സംവിധാനിച്ചിരിക്കുന്നത്.

കൂട്ടത്തിൽ ഏറ്റവും പ്രധാനം വായുവാണ്. ആർക്കും കുത്തകാവകാശമാക്കാനോ മറ്റുള്ളവർക്ക് വിലക്കാനോ ഒട്ടും സാധിക്കാത്ത രീതിയിലാണ് അത് വിതാനിച്ചിരിക്കുന്നത്. വെള്ളത്തിനാണ് രണ്ടാം സ്ഥാനം. അത് വായുവിനോളം സുലഭമല്ല. വായുവില്ലാത്ത ഒരിടവുമില്ല. ഉണ്ടായിരുന്നുവെങ്കിൽ വായു ഉള്ള സ്ഥലത്തു പോയിട്ടോ, ഉള്ള സ്ഥലത്തു നിന്ന് കൊണ്ടുവന്നിട്ടോ ശ്വസിക്കുക സാധ്യമാവില്ല. വെള്ളത്തിന്റെ കാര്യം വ്യത്യസ്തമാണ്. കുറെ സമയം വെള്ളമില്ലാതെയും മനുഷ്യന് ജീവൻ നിലനിർത്താം. അതിനിടയിൽ വെള്ളമുള്ളിടത്തെത്താനോ വെള്ളം കൊണ്ടുവരാനോ കഴിയും. മഴവെള്ളം എല്ലാവർക്കും ലഭിക്കുന്നു. നദിയിലെയും മനുഷ്യരുണ്ടാക്കുന്ന സംഭരണികളിലെയും ജലവും എല്ലാവർക്കും അവകാശപ്പെട്ടതാണ്. ജലം വിൽപനച്ചരക്കാക്കാൻ പാടില്ല. എന്നാൽ ജലം കണ്ടെത്താനും ശേഖരിക്കാനും വിതരണം ചെയ്യാനും അധ്വാനവും വിഭവവും ചെലവഴിക്കേണ്ടി വരുന്നുവെങ്കിൽ അത് ഉപഭോക്താക്കളിൽ ഈടാക്കാവുന്നതാണ്. ചാലുകളും തോടുകളും കീറി കൃഷിസ്ഥലങ്ങളിലേക്കും മറ്റും വെള്ളം കൊണ്ടു പോകുന്നവർ സ്വന്തം ആവശ്യം കഴിച്ച് മിച്ചമുള്ള ജലം മറ്റാവശ്യക്കാർക്ക് വിട്ടു കൊടുക്കേണ്ടതുണ്ട്.

അല്ലാഹു ജലം ഇറക്കുന്നത് കൈയും കണക്കുമില്ലാതെയല്ല; നിശ്ചിത കണക്കിൽ-بقدر ആകുന്നു. ഈ 'കണക്കി'ന് രണ്ട് മാനമുണ്ട്. ഓരോ പ്രദേശത്തും അവിടത്തെ ജീവ ജാലങ്ങളുടെയും സസ്യലതാദികളുടെയും ആവശ്യത്തിനു വേണ്ട അളവിൽ മഴ പെയ്യിക്കുകയാണ് ഒന്ന്. ജീവ ജാലങ്ങൾക്കും ഭൂമിക്ക് മൊത്തത്തിലും ആപത്താകുന്ന അളവിൽ മഴ പെയ്യിക്കാതിരിക്കുകയാണ് രണ്ടാമത്തേത്. അനുഗ്രഹമാകുന്ന ജലം തന്നെ ചിലപ്പോൾ ആപത്താകും. നൂഹ് നബിയുടെ കാലത്തെ ജലപ്രളയം പോലെ മഹാശിക്ഷയുമാകും ചിലപ്പോൾ. മണ്ണിനടിയിൽ സുരക്ഷിതമായി സൂക്ഷിക്കപ്പെടുമ്പോൾ അനുഗ്രഹമാകുന്ന വെള്ളം തന്നെയാണ് നാനാ വശത്തുനിന്നും ഉറവ പൊട്ടി ഭൂതലത്തിൽ മഹാ പ്രളയം സൃഷ്ടിച്ചത്. ഭൂമിക്കടിയിലേക്ക് താഴുന്ന ജലം ഒരു പരിധിവിട്ട് താഴ്ന്നുപോയാലും മനുഷ്യൻ നാശത്തിലകപ്പെടുന്നു. വായുവാകട്ടെ, വെള്ളമാകട്ടെ, അഗ്നിയാകട്ടെ ഭൂമിയിലെ ഓരോ പ്രതിഭാസവും പരസ്പര ഭിന്നവും അതോടൊപ്പം ആത്യന്തികമായി ഏകീകൃതവുമായ സൃഷ്ടി ലക്ഷ്യങ്ങൾ വഹിക്കുന്നുവെന്നാണിതിൽ നിന്ന് വ്യക്തമാകുന്നത്.

മഴ എന്ന പ്രതിഭാസം ഉൾക്കൊള്ളുന്ന മറ്റൊരനുഗ്രഹമാണ് ജലത്തിന്റെ ശുദ്ധീകരണം. ഭൂമിയിൽ മൂന്നിൽ രണ്ടു ഭാഗവും ജലമാണെങ്കിലും മൊത്തം ജലത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ ശുദ്ധജലമുള്ളൂ. ബാക്കിയുള്ളതെല്ലാം ഉപ്പു നിറഞ്ഞ സമുദ്ര ജലമാണ്. മഴ എന്നൊന്നില്ലെന്നും, ഭൂമിയിലുള്ള വെള്ളമത്രയും ഉപ്പുവെള്ളമായി കടലിലും, ശുദ്ധജലമായി നദികളിലും തടാകങ്ങളിലും, അല്ലെങ്കിൽ മണ്ണിനടിയിൽ കെട്ടിനിൽക്കുകയുമാണെന്നും സങ്കൽപ്പിച്ചു നോക്കുക. പത്തോ ഇരുപതോ കൊല്ലം കൊണ്ട് ഭൂമിയിലെ ശുദ്ധ ജല സ്രോതസ്സുകളത്രയും കെട്ടുനാറിയിട്ടുണ്ടാകുമായിരുന്നു. സമുദ്രജലത്തെ ഇപ്പോഴത്തെ നിലയിൽ ശുദ്ധമായി സൂക്ഷിക്കുന്നത് അതിലെ ഉപ്പാണ്. ശുദ്ധജലം മാനത്ത് ഉൽപാദിപ്പിക്കപ്പെടുന്നതല്ല. ഭൂമിയിലെ ജലം ബാഷ്പീകൃതമായി മാനത്തെത്തുകയാണ്. ബാഷ്പീകരണ പ്രക്രിയക്ക് വിധേയമാകുന്ന ജലം മാലിന്യങ്ങളിൽ നിന്നെല്ലാം പൂർണമായി മുക്തമാകുന്നു. അതാണ് പിന്നീട് മഴയായി ഭൂമിയിലെത്തുന്നത്. കരയെക്കാൾ വളരെ കൂടുതൽ സ്ഥലം അല്ലാഹു കടലിന് അനുവദിച്ചതിന്റെ പൊരുളും ഇതിൽ നിന്ന് മനസ്സിലാക്കാം. ശുദ്ധജല തടാകങ്ങളിലും നദികളിലും സംഭവിക്കുന്ന ബാഷ്പീകരണത്താൽ മാത്രം ഭൂമിയിലെ എല്ലാ പ്രദേശങ്ങൾക്കും ആവശ്യമായത്ര ശുദ്ധജലം മാനത്തേക്കുയരുകയില്ല. മഴയുടെ മുക്കാലേ മുണ്ടാണിയും സമുദ്രത്തിൽ നിന്നുയരുന്ന നീരാവിയിൽ നിന്നുണ്ടാകുന്ന ജലമാണ്. ബാഷ്പീകരണ പ്രക്രിയയിൽ ഉപ്പുവെള്ളം ശുദ്ധീകരിക്കപ്പെടുന്നില്ലെങ്കിൽ കടലിൽ നിന്നുയരുന്ന നീരാവി ഉപ്പുവെള്ളമായി തന്നെ പെയ്യുമായിരുന്നു. ഈ പ്രതിഭാസങ്ങളിലെല്ലാം തെളിഞ്ഞു കാണുന്ന ആസൂത്രണ പാടവം, യുക്തിയുക്തത, അതിരറ്റ ജ്ഞാനം, ഇതിന്റെയൊക്കെ പിന്നിൽ സർവശക്തനും കരുണാവാരിധിയുമായ ഒരു ശക്തി പ്രവർത്തിക്കുന്നതായി വിളിച്ചോതുന്നു.

ജലം മണ്ണിനടിയിൽ തങ്ങിനിൽക്കുന്നത് മഹത്തായ ദൈവാനുഗ്രഹമായി സൂറഃ *അൽ മുൽക്* 30ാം സൂക്തത്തിൽ പറയുന്നു.
قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍ ﴿٣٠﴾ "അവരോട് ചോദിച്ചു നോക്കുക! നിങ്ങളുടെ വെള്ളം ഭൂമിയിലേക്കാണ്ടു പോവുകയാണെങ്കിൽ ആരാണ് നിങ്ങൾക്ക് നീരുറവകളുണ്ടാക്കിത്തരിക?" ഇവിടെ നിങ്ങളുടെ വെള്ളം എന്ന് പരിമിതപ്പെടുത്തി പറയുന്നത് നിങ്ങൾ കുടിക്കുകയും കുളിക്കുകയും കൃഷിക്കുപയോഗിക്കുകയും ചെയ്യുന്ന വെള്ളം എന്നർഥത്തിലാണ്. കിണറിലും കുളത്തിലും നദിയിലുമൊക്കെയുള്ള വെള്ളമാണത്. അവിടെ വിശേഷവൽക്കരിച്ചു പറഞ്ഞതിനെ ജലം എന്നു പറയാവുന്ന എല്ലാറ്റിനെയും ഉൾക്കൊള്ളുംവണ്ണം പൊതുവായി പറഞ്ഞിരിക്കുകയാണിവിടെ. *അൽ മുൽകി*ലെ വചനത്തെക്കാൾ വളരെയേറെ വിശാലമായ അർഥമുള്ള വചനമാണിതെന്ന് ഖുർആൻ പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു. *അൽ മുഅ്മിനൂനും അൽ മുൽകും* കാലം കൊണ്ട് വളരെ അടുത്തടുത്ത് അവതരിച്ച സൂറഃകളാണ്. ■